## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*287** — **21.08.2017 ൽ മറുപടിയ്ക്ക്**

### ചക്കയുടെ ഔഷധഗുണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എം.ഉമ്മർ<br>ശ്രീ.ടി. വി. ഇബ്രാഹിം<br>ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീ. വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

എ) ചക്കയുടെ ഔഷധഗുണങ്ങളെപ്പറ്റി പഠനങ്ങളെന്തെങ്കിലും നടന്നിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ;

എ) കൃഷി വകുപ്പിന്റെ കീഴിൽ ചക്കയുടെ ഔഷധ ഗുണങ്ങളെപ്പറ്റി പഠനം നടത്തിയിട്ടില്ല. എന്നാൽ കേരള കാർഷിക സർവ്വകലാശാലയുടെ അമ്പലവയൽ കേന്ദ്രത്തിൽ ചക്കയുടെ ഔഷധ ഗുണത്തെപ്പറ്റിയുള്ള പഠനം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി കൃഷി വകുപ്പും യൂണിവേഴ്സിറ്റിയും ചേർന്ന് അന്താരാഷ്ട്ര ചക്ക മഹോത്സവവും അന്താരാഷ്ട്ര വർക്ക്ഷോപ്പും സംഘടിപ്പിക്കുകയുണ്ടായി.

ബി) അയൽ സംസ്ഥാനങ്ങളിൽ തോട്ടവിള ഉല്പന്നമായ ചക്കയിൽ കീടനാശിനി പ്രയോഗം സർവ്വസാധാരണമാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഉണ്ട്.

സി) സംസ്ഥാനത്തെ ചക്ക ഉല്പന്നങ്ങൾ വിഷരഹിതമായതിനാൽ വിഷമുക്ത ഭക്ഷ്യവിഭവമെന്ന നിലയിൽ ചക്കയ്ക്കും കുരുവിനും സർട്ടിഫിക്കേഷൻ നല്കാനും ചക്കശേഖരണം, പ്രോസസിംഗ്, വിപണനം എന്നിവയ്ക്കായുള്ള ചെറുകിട സംരംഭങ്ങൾക്ക് പ്രോത്സാഹനം നല്കാനും തയാറാവുമോ?

സി) കേരളത്തിൽ വിഷമുക്ത ഭക്ഷ്യ വിഭവമെന്ന നിലയിൽ ചക്കയ്ക്ക് വളരെയേറെ പ്രാധാന്യമാണുള്ളത്. ചക്കപ്പഴം മാത്രമല്ല, പച്ചക്കറിയും ഔഷധവും പ്രധാന ഭക്ഷണമാണെന്ന സന്ദേശം ജനങ്ങളിലെത്തിച്ച് ഒരു ചക്കപോലും പാഴാക്കാതെ ഭക്ഷണമായോ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കിയോ ഉപയോഗിക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാല, കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ

അന്താരാഷ്ട്ര ചക്കമേള വയനാട് അമ്പലവയലിൽ ആഗസ്റ്റ് 9 മുതൽ 14 വരെ സംഘടിപ്പിക്കുകയും ചെയ്തു. കൂടാതെ ചക്കയ്ക്കായി ഒരു അഗ്രോപാർക്ക് തൃശ്ശൂർ ജില്ലയിൽ സ്ഥാപിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ചക്കയ്ക്കും കുരുവിനും സർട്ടിഫിക്കേഷൻ നൽകാനും, ചക്കശേഖരണം, പ്രോസസ്സിംഗ്, വിപണനം, മൂല്യ വർദ്ധനവ് മുതലായവ അഗ്രോപാർക്ക് സ്ഥാപിക്കുന്നതോടുകൂടി പരിഹരിക്കപ്പെടുന്നതാണ്.

Maya P

**സെക്ഷൻ ഓഫീസർ**